**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ : 89** **30.11.2018-ൽ മറുപടിയ്ക്ക്**

**എക്സൈസ് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്**<br>**ശ്രീ കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീ കെ.കുഞ്ഞിരാമൻ**<br>**ശ്രീ കെ.ദാസൻ** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പുമന്ത്രി** |
| (എ) വ്യാജമദ്യം, ലഹരിവസ്തുക്കൾ എന്നിവയുടെ ഉപയോഗം കർശനമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) വ്യാജമദ്യം, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉത്പാദനം, വിതരണം, ഉപയോഗം തുടങ്ങിയവ കർശനമായി തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെൻറ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടത്തിവരുന്നുണ്ട്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും പരമാവധി കേസ്സുകൾ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. കൂടാതെ, ലഹരി പദാർത്ഥങ്ങളുടെ കൈമാറ്റവും വിതരണവും തടയുന്നതിനായി മറ്റു സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെൻറ് വിഭാഗങ്ങളുമായി സഹകരിച്ച് സംയുക്ത പരിശോധനകൾ ശക്തിപ്പെടുത്തുകയും വിവരം പരസ്പരം കൈമാറുകയും, സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെൻറ്, കോസ്റ്റൽ |

പോലീസ്,ആർ.പി.എഫ്.,ഡ്രഗ്സ് കൺട്രോളർ തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തി വരുന്നുണ്ട്. എക്സൈസ് വകുപ്പ്, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നിരീക്ഷണങ്ങൾ നടത്തി ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗം തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തി ലഹരി വസ്തുക്കളുടെ ഉപഭോഗത്തിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും, ഇത്തരം പ്രവണതകളിൽ നിന്നും അകലം പാലിക്കുന്നതിനും കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" യുടെ ഭാഗമായി വ്യാപകമായി ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്.

(ബി) ഇതിന്റെ ഭാഗമായി ബി) എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എക്സൈസ് വകുപ്പിൽ നിരവധി പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുകയുണ്ടായി. എക്സൈസ് വകുപ്പിന്റെ അംഗബലം കാലോചിതമായി പരിഷ്കരിക്കുന്നതിലേയ്ക്കായി 244 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും പുതിയ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുകയുമുണ്ടായി. ഉത്തരമേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി ആരംഭിച്ചിട്ടുള്ളതാണ്. എക്സൈസ് ജീവനക്കാർക്ക് ആവശ്യമായ കായിക പരിശീലനം നൽകി വരുന്നു. ഓഫീസുകളിലെ പഴയ വാഹനങ്ങൾ മാറ്റി

| | | |
|---|---|---|
| | | പുതിയവയും വനിതാ പട്രോളിംഗ് സ്ക്വാഡിനായി 100 സ്കൂട്ടറുകളും അനുവദിച്ചു. ക്രൈം രജിസ്ട്രേഷൻ ഓൺലൈനാക്കി. ഓഫീസുകളിലേക്ക് പുതിയ കംപ്യൂട്ടറുകൾ വിതരണം ചെയ്യുകയും എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം സുതാര്യവും, കാര്യക്ഷമവുമാക്കാൻ 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി. റ്റി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുകയും, പ്രധാനപ്പെട്ട 10 എക്സൈസ് ചെക്ക് പോസ്റ്റുകൾ കംപ്യൂട്ടർവത്ക്കരിക്കുകയും, എക്സൈസ് ചെക്ക് പോസ്റ്റുകളിലെ ഉപയോഗത്തിനായി 20 മോട്ടോർ ബൈക്കുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വിദ്യാലയങ്ങളുടെ പരിസരങ്ങളിൽ ലഹരി വസ്തുക്കൾ വിൽക്കുന്നത് തടയാൻ നടത്തി വരുന്ന പരിശോധനകൾ വ്യക്തമാക്കുമോ; | (സി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇൻറലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| ഡി) | വിമുക്തി മിഷന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ നടത്തുന്ന ബോധവത്കരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ഡി) എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, സ്റ്റുഡൻസ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി,കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, |

വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിങ്ങനെ സമഗ്രമേഖലയിലുമുള്ള പൊതുജനപങ്കാളിത്തത്തോടുകൂടി മദ്യ-മയക്കുമരുന്ന് പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ ബോധവൽക്കരണപ്രവർത്തനങ്ങൾസംഘടിപ്പിച്ചു വരുന്നു. 'വിമുക്തി' മിഷന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുവാൻ തീരുമാനിക്കുകയും ഇതിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ തസ്തികകൾ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. വിമുക്തി മിഷന്റെ ഭാഗമായി 511 കോളേജുകളിലും 2761 സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**